"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിൽ കേന്ദ്രീകൃത കോഴി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്വകാര്യ സംരംഭകരിൽ നിന്ന് താല്പര്യപത്രം ക്ഷണിച്ച് അനുയോജ്യരായവരെ കണ്ടെത്തി ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നതിന് മലപ്പുറം ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.1149/2019/LSGD തീയതി, തിരുവനന്തപുരം, 04/06/2019

---

പരാമർശം:- 1 മലപ്പുറം ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 26.12.2017-ലെ 1(10)നമ്പർ തീരുമാനം

2 മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14.06.2018-ലെ P4-5140/17നമ്പർ കത്ത്

3 പഞ്ചായത്ത് ഡയറക്ടറുടെ 17.01.2019-ലെ PAN25772/J(5)DP നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ വർദ്ധിച്ചുവരുന്ന കോഴി മാലിന്യ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനായി കേന്ദ്രീകൃത കോഴി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് മലപ്പുറം ജില്ലാകളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിക്കുകയും സ്വകാര്യ സംരംഭകരിൽ നിന്ന് താല്പര്യ പത്രം (Expression of Interest) ക്ഷണിക്കുന്നതിന് മലപ്പുറം ജില്ലാ പഞ്ചായത്തിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ളതായി പരാമർശം(2) പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. താല്പര്യ പത്രം സമർപ്പിക്കുന്ന സംരഭകരുടെ സാങ്കേതിക പരിജ്ഞാനം ശുചിത്വ മിഷൻറെ പ്രധിനിധി ഉൾപ്പെടുന്ന സാങ്കേതിക സമിതി വിലയിരുത്തിയ ശേഷമായിരിക്കും അനുയോജ്യരായ സംരഭകരെ തെരഞ്ഞെടുക്കുന്നതെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അതിനാൽ പ്രസ്തുത പദ്ധതിക്കായി സംരംഭകരിൽ നിന്നും താത് പര്യപത്രം ക്ഷണിക്കുന്നതിനും അനുയോജ്യരായവരെ കണ്ടെത്തി ധാരണ പത്രത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി

നടപ്പിലാക്കുന്നതിനും അനുമതി നൽകണമെന്ന് മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

2. മലപ്പുറം ജില്ലയിലെ കോഴി മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന കേന്ദ്രീകൃത കോഴിമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യ സംരംഭകരിൽ നിന്നും താത് പര്യപത്രം ക്ഷണിക്കുന്നതിനും അനുയോജ്യരായവരെ കണ്ടെത്തി ധാരണ പത്രത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനും മലപ്പുറം ജില്ലാ പഞ്ചായത്തിന് പ്രത്യേക അനുമതി നൽകാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിൽ കേന്ദ്രീകൃത കോഴിമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി സ്വകാര്യ സംരംഭകരിൽ നിന്നും താല്പര്യപത്രം (EoI) ക്ഷണിച്ച്, ശുചിത്വ മിഷനിൽ നിന്നുള്ള ഒരു വിദഗ്ധൻ അടങ്ങുന്ന ഒരു കമ്മിറ്റി സംരംഭകരുടെ സാങ്കേതിക പരിജ്ഞാനം വിലയിരുത്തി, അനുയോജ്യരായവരെ കണ്ടെത്തി, പ്ലാന്റ് സ്ഥാപിക്കുന്ന സ്വകാര്യ സംരംഭകനും ജില്ലാപഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ ഒപ്പു വയ്ക്കുന്ന കരാറിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് മലപ്പുറം ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
SPECIAL SECRETARY

പ്രസിഡന്റ്, മലപ്പുറം ജില്ലാപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
സെക്രട്ടറി, മലപ്പുറം ജില്ലാപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ/ ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്